# കൽക്കത്ത മലയാളി സമാജം

22, ചിന്മയ ചാററർജി സരണി, കൊൽക്കത്ത700033
Phone 24249225 ; Email Calcuttamalayaleesamajam@gmail.com

## 2016-17ലെ പ്രവർത്തന റിപ്പോർട്ട്

2016-17ലെ സമാജം പ്രവർത്തന റിപ്പോർട്ട് അംഗങ്ങളുടെ 66ാം വാർഷിക പൊതുയോഗം മുമ്പാകെ അവതരിപ്പിയ്ക്കുന്നു. അംഗങ്ങളുടെ പിന്തുണയും പങ്കാളിത്വത്തോടും കൂടി വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ഈ വർഷവും കാഴ്ച വെയ്ക്കാൻ സാധിച്ചു.

**കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ:** മുൻ കാലങ്ങളെ പോലെ സംഗീത സദസ്സുകൾ, കാവ്യസന്ധ്യകൾ, ചർച്ചകൾ തുടങ്ങിയ വ്യത്യസ്തങ്ങളായ പരിപാടികൾ സമാജത്തിൽ വച്ച് സംഘടിപ്പിച്ചു. കൊൽക്കത്തയിലെ മലയാളികളുടെ കലാവാസന പ്രകടിപ്പിയ്ക്കാനുള്ള വേദികളാണ് ഇത്തരം സദസ്സുകൾ. ശ്രദ്ധേയമായ പങ്കാളിത്വമാണ് അവയിൽ ദൃശ്യമാകുന്നത്. ഇതിൽ കൂടി നവാഗതരായ പലരും രംഗത്തേക്ക് കടന്നു വരുന്നു. കാലിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങളെ ആസ്പദമാക്കി പല സംവാദങ്ങളും നടന്നു. "നമുക്ക് ജാതിയില്ല"യെന്ന ശ്രീ നാരായണ ഗുരുദേവന്റെ വിളംബരത്തിന്റേയും സഹോദരൻ അയ്യപ്പന്റെ "മിശ്ര ഭോജന"ത്തിന്റേയും ശതാബ്ദിയോടനുബന്ധിച്ച് 2016 ആഗസ്ററ് 15ന് സംഘടിപ്പിച്ച ചർച്ച നല്ല പങ്കാളിത്തത്തോട് നടന്നു. കൊൽക്കത്തയിലെ പ്രമുഖരായ പലരും അതിൽ പങ്കെടുത്തു. ജൂൺ 12ന് ബംഗാൾ-കേരള നിയമസഭാ തെരഞ്ഞെടുപ്പ് വിശകലനം, 10-12-16ന് നോട്ട് അസാധുവാക്കലിന്റെ അനന്തര ഫലം, 7-5-2017ന് മതേതരത്വവും വർഗീയ വെല്ലുവിളിയും എന്നീ വിഷയങ്ങളെ ആസ്പദമാക്കി ചർച്ചകൾ നടന്നു. 2017 ഏപ്രിൽ 15ന് ബംഗാളി പുതുവർഷത്തോടനുബന്ധിച്ച് സംഗീത സായാഹ്നം നടത്തി.

**ഓണം:**2016 സെപ്തംബർ 17ന് സംഘടിപ്പിച്ച ഓണാഘോഷം മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സമാജം കെട്ടിടത്തിനോട് ചേർന്ന റോഡിൽ പന്തലിട്ടാണ് നടത്തിയത്. ഇത് പ്രാദേശിക നിവാസികളുടെ ഇടയിൽ സമാജത്തിന് നല്ല പ്രശംസയാർജിയ്ക്കുവാൻ കഴിഞ്ഞു. അവരിൽ നിന്ന് നല്ല സഹായവും സഹകരണവുമാണ് ലഭിച്ചത്. അംഗങ്ങളുടെ കൂട്ടായ്മയും വ്യത്യസ്ത കലാ പരിപാടികളോടും കൂടി സംഘടിപ്പിച്ച അതിൽ നിരവധി പേർ പങ്കെടുത്തു. മുഖ്യ അതിഥിയായി സ്ഥലം എം എൽ എ കൂടിയായ സംസ്ഥാന വൈദ്യുതി മന്ത്രി സോവൻദേബ് ചട്ടോപാദ്ധ്യായും സ്ഥാനീയ കേർപ്പറേഷൻ കൗൺസിലർ മമത മജുംദാറും പങ്കെടുത്തത് പരിപാടിയ്ക്ക് മാററ് കൂട്ടി. സമാജം മഹിളാ വിഭാഗം അവതരിപ്പിച്ച കൈകൊട്ടിക്കളി, അംഗങ്ങളുടെ ഓണപ്പാട്ടുകൾ, നൃത്തനിർത്യങ്ങൾ എന്നിവയായിരുന്നു കലാപരിപാടികൾ.

**സ്പോര്ട്സ്:** ഏരിയാടിസ്ഥാനത്തിൽ നടത്തി വരുന്ന ഫുട്ട്ബാൾ, ക്രിക്കററ് മത്സരങ്ങൾ ഈ വർഷവും വിജയകരമായി സംഘടിപ്പിച്ചു. ഡിസംബർ 11ന് കുദുഘട്ടിൽ വെച്ച് ഫുട്ട്ബാൾ മത്സരം നടന്നു. 9 ടീമുകളാണ് ഇതിൽ പങ്കെടുത്തത്. തരുൺദൾ ക്ലബ്ബും സ്ഥലം കോർപ്പറേഷൻ കൗൺസിലറും ആ ഏരിയായിൽ അധിവസിക്കുന്ന സമാജം അംഗങ്ങളും മത്സരം വിജയകരമായി സംഘടിപ്പിക്കാൻ നല്ല സഹായമാണ് നൽകിയത്. 2017 ജനുവരി 22ന് ഖിദ്ദർപൂർ സെയ്ന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് ക്രിക്കററ് മത്സരം നടന്നു. സൗജന്യമായിട്ടാണ് കോളേജ് അധികൃതർ ഗ്രൗണ്ട് നൽകിയത്. 13 ടീമുകളാണ് ഇത്തവണ മത്സരത്തിൽ പങ്കെടുത്തത്. എസ് എം നഗറിൽ വച്ച് ബാഡ്മിന്റൻ ടൂർണമെന്റ് രണ്ടു ദിവസങ്ങളിലായി നടന്നു. അവിടെയും നല്ല സഹായമാണ് അത് സംഘടിപ്പിക്കുവാൻ അംഗങ്ങൾ നൽകിയത്. കായിക മത്സരങ്ങളിൽ തത്പരരായി ധാരാളം ചെറുപ്പക്കാർ ഒരോ വർഷവും മുന്നിട്ടു വരുന്നതാണ് ഈ മത്സരങ്ങളിൽ പങ്കാളിത്വം വർദ്ധിയ്ക്കുന്നത്. ഇവകളിലെല്ലാം കൂടി മുന്നൂറിലധികം പേർ ഭാഗഭാക്കായി. സ്പോടസ് കമ്മിററിയുടെ പ്രശംസനീയമായ പ്രവർത്തനം മൂലമാണ് കായിക രംഗം കൂടുതൽ മികവുററതാകുന്നത്.

**കുടുംബ സംഗമം:** വിവിധ ഏരിയാകളിൽ അംഗങ്ങളുടെ കുടുംബസംഗമങ്ങൾ ഈ വർഷവും നല്ല പങ്കാളിത്തത്തോടെ നടത്തി. ഒക്ടോബർ 16ന് ലേക്ക്-ബാലിഗഞ്ച്, ഒക്ടോബർ 23ന് ബെഹാല, നവംബർ 11ന് എസ്എം നഗർ, നവംബർ 13ന് ബ്രഹ്മപ്പൂരും കുടുംബ സംഗമങ്ങൾ നടന്നു. അംഗങ്ങൾ തമ്മിൽ കൂടുതൽ അടുത്ത് അറിയുക, അവരിലെ കലാവാസന

പ്രോത്സാഹിപ്പിയ്ക്കുക, സമാജം പ്രവർത്തനങ്ങളിൽ എല്ലാവരേയും പങ്കാളികളാക്കുക തുടങ്ങിയ ഉദ്ദേശത്തോടെ സംഘടിപ്പിയ്ക്കുന്ന ഇത്തരം പ്രവർത്തനത്തിന് നല്ല പ്രതികരണമാണ് ഒരോ വർഷവും ലഭിയ്ക്കുന്നത്. വൈവിദ്ധ്യമാർന്ന പരിപാടികളാണ് എല്ലാ ഏരിയായിലും അവതരിപ്പിച്ചത്.

**കേരള പലഹാര മേള**: 2017 ഫെബ്രുവരി 4ന് ത്യാഗരാജ ഹാളിൽ വച്ച് ഈ വർഷവും വിപുലമായ തോതിൽ കേരള പലഹാരമേള സംഘടിപ്പിച്ചു. അന്നേ ദിവസം വ്യത്യസ്തമായ പല പരിപാടികൾ ഉണ്ടായിരുന്നിട്ടും ഇതര വിഭാഗക്കാരുൾപ്പടെ ധാരളം ആളുകൾ അതിൽ പങ്കെടുത്തു. സാമ്പത്തിക നേട്ടത്തിനുപരി ഒരു പരിപാടിയെന്ന നിലയിൽ നിരവധി ആളുകളുടെ പങ്കാളിത്തവും പരിശ്രമവും ഇത് വളരെ ജനകീയമാക്കി. ധാരാളം സ്ത്രീകളുൾപ്പടെ നിരവധി പേർ സേവന മനോഭാവത്തോട് പ്രവർത്തിയ്ക്കാൻ മുന്നിട്ടു വരുന്നതിനാലാണ് ഇത്ര വലിയ പരിപാടി ഏററെടുത്ത് നടത്താൻ കഴിയുന്നത്.

**മെഡിക്കൽ ക്യാമ്പ്**: മെഡിക്ക സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററലുമായി സഹകരിച്ച് 2017 മാർച്ച് 5ന് മിതമായ നിരക്കിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വിവധ ടെസ്ററുകൾ ഡോക്ടർ പരിശോധന എന്നിവ ഇതിന്റെ ഭാഗമായി നടന്നു. ഈ വർഷവും കൂടുതൽ ആളുകൾ പങ്കെടുത്ത് ഈ ആനുകൂല്യം ഉപയോഗപ്പെടുത്തി. അതോടനുബന്ധിച്ച് സമാജത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിയ്ക്കുന്ന ദന്തൽക്ലിനിക്കും സൗജന്യ നിരക്കിൽ ദന്തൽ പരിശോധന നടത്തി. 2016 ജൂലൈ ഒന്നിന് ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനും റോട്ടറിക്ലബ്ബും പ്രദേശിക ക്ലബ്ബും ചേർന്ന് സമാജത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സമാജം നൽകിയ സേവനത്തെ സംഘാടകർ പ്രശംസിച്ചു.

വാർഷികം: സമാജം 65ാം വാർഷികം 2017 മാർച്ച് 19ന് ബിഹാല സരദ് സദനിൽ വച്ച് നടന്നു. ബ്രഹ്മപ്പൂർ ഏരിയായിൽ നിന്നുള്ള സമാജാംഗങ്ങളുടെ കുട്ടികളുടെ ഡാൻസ്, റിഥം ഡാൻസ് അക്കാഡമി അവതരിപ്പിച്ച ക്ലാസിക്കൽ-നാടോടി നൃത്തങ്ങൾ എന്നീ കലാ പരിപാടികൾ അതിനോടനുബന്ധിച്ച് അരങ്ങേറി. ഏതാനും വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് വാർഷികത്തിന് ബംഗാളി കലാസംഘത്തിന്റെ ഒരു പരിപാടി നടത്തിയത്. വളരെ പ്രശംസനീയമായാണ് അവർ അത് അവതരിപ്പിച്ചത്. വാർഷിക കലാ-കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങളും വിവധ ബോർഡുകളുടെ 10, 12 പരീക്ഷകളിൽ ഏററവും കൂടുതൽ മാർക്ക് വാങ്ങി പസ്സാകുന്ന മലയാളി വിദ്യാർത്ഥികൾക്ക് സമാജം നൽകി വരുന്ന വിദ്യാഭ്യസ അവാർഡുകളും അന്നേ ദിവസം നൽകി അനുമോദിച്ചു. ഈ വർഷം ചിത്ര രചനാ മത്സരം ഏരിയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അതിൽ വിജയികളായ വരെ പങ്കെടുപ്പിച്ച് കേന്ദ്രീകൃത മത്സരം നടത്തുകയും ചെയ്തു. ഇത് മൂലം കൂടുതൽ കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ സാധിച്ചു. വാർഷികത്തോടൊപ്പം നടത്തിയ ലക്കിഡിപ്പിന് 1,16,660 രുപാ കളക്ഷൻ ലഭിച്ചു. എല്ലാ ഏരിയകളിലും അംഗങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തകർ നന്നായി പ്രവർത്തിച്ചതിനാലാണ് ഇത് സാദ്ധ്യമായത്.

**മഹിളാ വിഭാഗം**: സമാജത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും അഭേദ്യമായി പങ്കെടുത്തു കൊണ്ടാണ് മഹിളാ വിഭാഗം മുന്നിട്ടു നിന്ന് പ്രവർത്തിയ്ക്കുന്നത്. തനതായ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നതു കൂടാതെ മററ് എല്ലാ പരിപാടികളിലും അവരുടെ സജീവ സാന്നിദ്ധ്യം പ്രകടമാണ്. അന്താക്ഷരി, പാചക പ്രദർശനം, ചർച്ച മുതലായവ തനതായി സംഘടിപ്പിച്ചു. സമാജം പ്രവർത്തനങ്ങളിൽ കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിക്കാനും അവർ ശ്രദ്ധിയ്ക്കുന്നു. പലഹാര മേളയുടെ നടത്തിപ്പിൽ മുഖ്യമായ പങ്കാണ് അവർ വഹിയ്ക്കുന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി എല്ലാ മാസവും ഒരുനിശ്ചിത തുക മഹിളാ വിഭാഗം അംഗങ്ങൾ സ്വയം പിരിച്ചെടുത്ത് പ്രത്യേക ഫണ്ട് സ്വരൂപിക്കുന്നു. ഈ വർഷം പ്രസ്തുത തുകയും മററ് അംഗങ്ങൾ നൽകിയ സംഭാവനയും ചേർത്ത് മദർ തെരേസ്സാ ശിശുഭവന് നൽകി. ഏപ്രിൽ ഏഴിന് അവർ അവിടം സന്ദർശിച്ചു .

**സ്വീകരണം/സന്ദർശനം** : കേരളത്തിലെ  മുൻ മന്ത്രിമാരായ ശ്രീമാൻന്മാർ എം എ ബേബി, ബിനോയ് വിശ്വം ഇപ്പോഴത്തെ ആരോഗ്യക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി ശൈലജ ടീച്ചർ, എന്നിവർ യഥാക്രമം 2016 ജൂലൈ 23, ആഗസ്ററ് 12, ഡിസംബർ 4 എന്നീ ദിവസങ്ങളിൽ സമാജം സന്ദർശിച്ചു. അവരെയെല്ലാം സമുചിതമായി സ്വീകരിച്ച്  ആദരിച്ചു. കേരളത്തിലെ സമകാലിക സാമൂഹ്യ രാഷ്ട്രീയ-സാംസ്കാരിക സ്ഥിതികളെ കുറിച്ച് നേതാക്കൾ വിശദമായി സംസാരിക്കുകയും സദസ്സ്യരുമായി സജീവ സംവദം നടത്തുകയും ചെയ്തു. ആ വേദികളിലെല്ലാം സ്ത്രീകളുൾപ്പടെ നിവധി ആളുകൾ പങ്കെടുത്തു.

സമാജം സജീവ പ്രവർത്തകനും ജോയ്ന്റ് സെക്രട്ടറിയുമായ കെ മുരളിധരനും അദ്ദേഹത്തിന്റെ സഹധർമ്മണിയും മഹിളാ വിഭാഗം സജീവ പ്രവർത്തകയുമായ ബിന്ദു നായരും ഏപ്രിലിൽ  കൊൽക്കത്ത വിട്ടു പോയി. തദ്വസരത്തിൽ പ്രവർത്തക സമിതിയും  മഹിളാ വിഭാഗവും അവർക്ക് യാത്രയയപ്പ് നൽകി.

നല്ല ഒരു മലയാള വായനശാല സമാജത്തിന് ഉണ്ടെങ്കിലും വായനക്കാർ വളരെ കുറവാണെന്നത് വളരെ ദുഃഖകരമായ വസ്തുതയാണ്.  സമാജം കെട്ടിടത്തിലെ സ്ഥലകുറവു മൂലം പുസ്തകങ്ങളിൽ  ഒരു ഭാഗം ഒഴിഞ്ഞു കിടക്കുന്ന രാഷ് ബിഹാരി അവന്യു ഫ്ളാററിലേക്ക് മാററി. പത്രങ്ങളും വാരികകളും സ്ഥിരമായി വരുത്തുന്നു. ഏതാനും വർഷങ്ങളായി മുടങ്ങി കിടന്നിരുന്ന ഡോക്ടർ സർവ്വീസ് വീണ്ടും ആരംഭിച്ചു. ഡോക്ടർ വത്സല മേനോൻ ആണ് സർവ്വീസ് നൽകുന്നത്. സഹായത്തിനായി സമാജത്തെ സമീപിക്കുന്നവർക്ക് കഴിവിനൊത്ത സഹായം നൽകുന്നു.

ഈ നടപ്പു വർഷം 5 പേർ ആജീവനാന്തയംഗങ്ങളായും 310 പേർ സാധാരണയംഗങ്ങളായും ചേർന്നു. മലയാളികളുടെ എണ്ണം കൊൽക്കത്തയിൽ അനുദിനം കുറഞ്ഞു വരുന്നതിനാൽ നമ്മുടെ പ്രവർത്തനങ്ങളിലും അത് പ്രതിഫലിക്കുന്നു.

അംഗങ്ങളുടേയും പ്രവർത്തകരുടേയും നിസ്തുലമായ പിന്തുണയും സഹായവും കൊണ്ടാണ് സമാജം പ്രവർത്തനങ്ങൾ നിർവിഘ്നം വിജയകരമായി മുന്നോട്ടു കൊ□ുപോകുവാൻ കഴിയുന്നത്. അതിന് ഏവരോടും പ്രവർത്തക സമിതിയുടെ കടപ്പാടും കൃതജ്ഞതയും രേഖപ്പെടുത്തി കൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിയ്ക്കുന്നു.

അഭിനന്ദനങ്ങളോടെ
പ്രവർത്തക സമിതിയ്ക്കു വേണ്ടി

എം വി ഉണ്ണികൃഷ്ണൻ
സെക്രട്ടറി
18-06-2017